## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 399

04/02/2014-ൽ
മറുപടിയ്ക്ക്

**കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം**

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br>(ബി) | കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;<br><br>ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ; | (എ)<br>&<br>(ബി) | കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ മുൻ നിരയിലെത്തിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന സ്ഥാപനങ്ങളെക്കൂടി അല്പമൊന്നു സഹായിച്ച് മുന്നോട്ട് കൊണ്ടുവന്നാൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾക്കും നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്ന ഗുണനിലവാരത്തിലേക്ക് നയിക്കാനാവുന്നതാണ്. സി.ക്യൂ.ഐ.പി പദ്ധതിയിലൂടെ നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. അനുവദിക്കുന്ന തുകയിൽ 75% തുക അടിസ്ഥാന സൌകര്യ വികസനത്തിനും 25% തുക മറ്റു പ്രവർത്തികളുടെ മെച്ചപ്പെടുത്തലുകൾക്കുമായി വിനിയോഗിക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ഗവൺമെന്റ് കോളേജ് മൂന്നാർ, ഗവൺമെന്റ് കോളേജ് കോട്ടയം, ഗവൺമെന്റ് കോളേജ് ചിറ്റൂർ, ഗവൺമെന്റ് കോളേജ് തിരൂർ എന്നീ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ സാമ്പത്തിക വർഷം (2013-14)ൽ പി.ടി.എം.ഗവൺമെന്റ് കോളേജ് പെരിന്തൽമണ്ണ, ബി.ജെ.എം. ഗവൺമെന്റ് കോളേജ് ചവറ, ഗവൺമെന്റ് കോളേജ് കല്പറ്റ എന്നീ കോളേജുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നാക് റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമാകമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തെ വിലയിരുത്തുന്നത് നാക് റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ്. അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ കോളേജുകൾ നവീകരിക്കേണ്ടതും പശ്ചാത്തല സൌകര്യ വികസനം, അക്കാദമിക് ഉയർച്ച, നൂതന ലാബ് / ലൈബ്രറി സൗകര്യങ്ങൾ, സെമിനാർ ഹാൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൌതിക സാഹചര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവും മറ്റു ഭൌതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തികളാണ് ചെയ്തു വരുന്നത്. ആയതിനാൽ ഈ സ്കീമിൽ തിരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് സഹായകമാകും. |

സെക്ഷൻ ഓഫീസർ